**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4416** **18-03-2025 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സോളാർ പദ്ധതിയിലെ കേന്ദ്ര നിർദ്ദേശം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പുരപ്പുറ സോളാർ പദ്ധതിക്ക് ഇനി മുതൽ ബാറ്ററി നിർബന്ധമാക്കിക്കൊണ്ട് കേന്ദ്ര ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന **പി. എം. സൂര്യ ഘർ** പുരപ്പുറ സോളാർ പദ്ധതിയിൽ ബാറ്ററി ഉൾപ്പെടുത്തുന്നതിനുള്ള ഒരു നിർദ്ദേശം പുറത്തിറക്കിയിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം നിർബന്ധമാക്കിയിട്ടില്ല. കേന്ദ്ര വൈദ്യുതി അതോറിറ്റി (Central Electricity Authority) പുറത്തിറക്കിയ മാർഗ്ഗരേഖ പ്രകാരം, സോളാർ പ്ലാന്റുകളിൽ ഉൽപാദന ശേഷിയുടെ 10% (കുറഞ്ഞത് രണ്ട് മണിക്കൂർ) വൈദ്യുതി സംഭരിക്കാൻ ശേഷിയുള്ള ബാറ്ററി സ്റ്റോറേജ് സംവിധാനം നിർദേശിച്ചിട്ടുണ്ട്. 2030 ഓടെ 14 ജിഗാവാട്ട് വൈദ്യുതി സംഭരണ ശേഷി കൈവരിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |
| (ബി) | എങ്കിൽ പ്രസ്തുത തീരുമാനം പദ്ധതിയെ എങ്ങനെയാണ് ബാധിക്കാൻ പോകുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇപ്പോൾ **പി. എം. സൂര്യ ഘർ** പുരപ്പുറ സോളാർ പദ്ധതിയിൽ ലഭ്യമായ പരമാവധി സബ്സിഡി **78,000/-** രൂപയാണ്. ബാറ്ററി ഉൾപ്പെടുത്തി സ്ഥാപിക്കുമ്പോൾ ചെലവിൽ 40-50 ശതമാനം വരെ വർദ്ധനവ് ഉണ്ടാകാം. ആയതിനാൽ മുടക്കുമുതൽ തിരിച്ചുകിട്ടാൻ കൂടുതൽ വർഷങ്ങൾ ആവശ്യമായേക്കാം. |
| (സി) | ബാറ്ററി നിർബന്ധമാക്കുന്നതുമൂലം പദ്ധതിയുടെ ചെലവിൽ ഉണ്ടാകുന്ന വർദ്ധനവിന് ആനുപാതികമായി സബ്സിഡി തുകയും കേന്ദ്ര ഗവൺമെന്റ് വർദ്ധിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് വർദ്ധിപ്പിക്കാൻ ആവശ്യമായ സമ്മർദ്ദം ചെലുത്തുമോ; വിശദമാക്കാമോ? | (സി) | നിലവിൽ ബാറ്ററി സ്ഥാപിക്കുന്നത് നിർബന്ധമല്ല. ബാറ്ററി നിർബന്ധമാക്കിയാൽ പദ്ധതിയുടെ ചെലവിൽ ഉണ്ടാകുന്ന വർദ്ധനവിന് ആനുപാതികമായി സബ്സിഡി തുക നിലവിൽ കേന്ദ്ര ഗവൺമെന്റ് വർദ്ധിപ്പിച്ചിട്ടില്ല. ബാറ്ററി സ്ഥാപിക്കുന്നതിനു വേണ്ടിയും സബ്സിഡി അനുവദിക്കണമെന്ന് കെ. എസ്. ഇ. ബി. എൽ. 24.10.2024-ന് കേന്ദ്ര നവ പുനരുപയോഗ മന്ത്രാലയത്തോട് (MNRE) ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ